സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം
ചെങ്ങന്നൂർ
തിയതി :10/06/2026

നമ്പർ: **80/2026**

## ലേലപരസ്യം (പുനർ ലേലം)

ആറന്മുള ഗ്രൂപ്പിൽപെട്ട അയിരൂർ പുതിയകാവ് ദേവസ്വത്തിലെ ജീർണാവസ്ഥയിലുള്ള ദേവസ്വം ഓഫീസ് പൊളിച്ച് മാറ്റി അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് 22/01/2026 -ലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് No: 1429 അടിസ്ഥാനത്തിൽ അംഗീകൃത സർവെ റിപ്പോർട്ട് തുകയായ 17,544/-- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 2026-ാം ആണ്ട് ജൂൺ മാസം 15-ാം തീയതി പകൽ 11.00 മണിക്ക് പരസ്യമായി പുനർ ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം 11.00 മണിക്ക് മുൻപായി തിരിച്ചറിയൽ രേഖ സഹിതം ആറന്മുള ഗ്രൂപ്പിൽ പെട്ട അയിരൂർ പുതിയകാവ് ദേവസ്വത്തിൽ ഹാജരായി 550/- രൂപ നിരത ദ്രവ്യം കെട്ടി വെച്ച് പേരുകൾ രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് GST രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. നിശ്ചിത തുകക്കുള്ള നിരതദ്രവ്യത്തോട് കൂടിയ ക്വൊട്ടേഷനുകളും ലേല സമയത്തിന് മുൻപ് ഹാജരാക്കാവുന്നതാണ്. ക്വൊട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ അന്നേ ദിവസം 11.00 മണിക്ക് മുൻപായി അയിരൂർ പുതിയകാവ്ദേവസ്വത്തിൽ ഹാജരായി ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ക്വൊട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

അടിസ്ഥാന തുകയിൽ തുടങ്ങി ലേലം വിളി ആരംഭിക്കുന്നതും ലേലം വിളിക്കുന്നത് അവസാനിക്കുന്ന മുറക്ക് സീൽ ചെയ്ത ക്വൊട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാളുടെ/ക്വൊട്ടേഷൻ നൽകുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാൾ/ ക്വൊട്ടേഷൻ നൽകുന്ന ആൾ ലേലത്തുകയുടെ 50% തുകയും + മുഴുവൻ ലേലതുകയുടെ 18% GST-യും ഉടനടി കെട്ടിവെക്കേണ്ടുതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്നു വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി ലേല തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

1. സാങ്ക്ഷൻ ലഭിച്ച സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വകകൾക്ക് മാത്രമേ ലേലം കൊണ്ട ആളിന് അവകാശമുണ്ടായിരിക്കുകയുള്ളൂ.

2. ലേലത്തിൽ/ ക്വൊട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേൽപ്പടി അവശിഷ്ടങ്ങൾ ആഫീസ് സമയങ്ങളിൽ ഈ ഓഫീസിന്റെയോ / ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസറുടെയോ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അയിരൂർ പുതിയകാവ് ദേവസ്വം ആഫീസിൽ നിന്നോ, ഈ ആഫീസിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും, ആഫീസ് സമയത്ത് അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ ലേലവകകൾ നീക്കം ചെയ്യേണ്ടതാണ്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടി വെച്ചിട്ടുള്ള തുക ഡിപ്പാർട്ട്മെന്റ് മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിന് ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി **ആയിരിക്കുന്നതല്ല. ലേലം** സ്ഥിരപ്പെടുത്തുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും മാറ്റിവെയ്ക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത ലേല ദിവസം എന്തെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയം ലേല നടപടികൾ നടത്തുന്നതായിരിക്കും.

വിശ്വസ്തതയോടെ

(S/d)

അസിസ്റ്റന്റ് എഞ്ചിനീയർ(A/c)

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ചെങ്ങന്നൂർ